പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 462 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. പണിമുടക്കിനോടനുബന്ധിച്ചുള്ള അക്രമത്തിനെതിരെ നടപടി

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ 2013 ജനുവരിയിൽ നടന്ന പണിമുടക്കിനോടനുബന്ധിച്ച് ഡ്യൂട്ടി കൺട്രോളിങ്ങ് ഇൻസ്പെക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്രമത്തിന് നേതൃത്വം നൽകിയവർക്കെതിരെ കേസെടുത്ത് അറസ്റ്റു നടത്തിയിട്ടുണ്ടോയെന്നു വിശദമാക്കുമോ ; | (എ) | 2013 ജനുവരിയിൽ നടന്ന പണിമുടക്കിനോടനു ബന്ധിച്ച് അതാത് സ്ക്വാഡ് ഇൻസ്പെ ക്ടർമാർ നൽകിയ റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ കുറ്റക്കാരായിക്കണ്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരി ച്ചിട്ടുണ്ട്. പണിമുടക്കിന് നേതൃത്വം നൽകി യതിന്റെ പേരിൽ ജീവനക്കാരെ അറസ്റ്റ് ചെയ്തതായി റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടില്ല. |
| (ബി) | എങ്കിൽ കേസ്സിലെ ഒന്നും രണ്ടും പ്രതികളെ യൂണിയൻ നേതാക്കളെന്ന പേരിൽ അറസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; അതിനുള്ള കാരണം വെളിപ്പെടുത്തുമോ ; | (ബി) യും (സി) യും | കേസ്സിൽ ആരേയും അറസ്റ്റിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.<br><br>എന്നാൽ കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, എഫ്.ഐ.ആർ -ന്റെ അടിസ്ഥാനത്തിലും കൃത്യനിർവ്വഹ ണത്തെ തടസ്സപ്പെടുത്തൽ, പൊതുമുതൽ നശിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങൾ ചെയ്തതായി കണ്ടെത്തിയ ജീവനക്കാർ ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇവർക്കെതിരെ കെ.എസ്.ആർ.ടി.സി. എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ; ഇല്ലെങ്കിൽ അക്രമത്തിന് നേതൃത്വം നൽകിയ ഒന്നും രണ്ടും പ്രതികളെ വകുപ്പുതല നടപടിയിൽനിന്ന് ഒഴിവാക്കിയതിനുള്ള കാരണം വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ